REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 08-07-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യയിലും ഓസ്ട്രിയയിലും മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനം ഇന്ന് ആരംഭിക്കും.
- നീറ്റ്-യുജിയുമായി ബന്ധപ്പെട്ട ഹർജികൾ സുപ്രീംകോടതി ഇന്ന് പരിഗണിക്കും.
- സംസ്ഥാനത്ത് വായനാ പക്ഷാചരണം സമാപിച്ചു. എല്ലാ ലൈബ്രറികളിലെയും പുസ്തക ശേഖരങ്ങളെ ഡിജിറ്റൈസ് ചെയ്ത് സമാഹരിക്കുന്നതിന് കൂട്ടായ ശ്രമം വേണമെന്ന് മന്ത്രി ഡോ. ആർ. ബിന്ദു.
- പ്ലസ് വൺ പ്രവേശനത്തിന്റെ ആദ്യ സപ്ലിമെന്ററി അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു.
- രണ്ടാം ട്വന്റി -20 ക്രിക്കറ്റ് മത്സരത്തിൽ സിംബാംബ്-വെയ്ക്കെതിരെ ഇന്ത്യയ്ക്ക് നൂറ് റൺസിന്റെ ജയം.
- ഇന്ത്യ-ദക്ഷിണാഫ്രിക്ക രണ്ടാം വനിതാ ട്വന്റി-20 മൽസരം മഴ മൂലം ഉപേക്ഷിച്ചു.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദി റഷ്യയിലും ഓസ്ട്രിയയിലും മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനം ഇന്ന് ആരംഭിക്കും. ആദ്യ ഘട്ടത്തിൽ ഇന്ത്യയും റഷ്യയും തമ്മിൽ നടക്കുന്ന 22-ാമത് വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ മോദി മോസ്കോയിൽ എത്തും.

ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.....(വോയ്സ്)....

പ്രതിരോധം, വ്യാപാര ബന്ധം, നിക്ഷേപ ബന്ധങ്ങൾ, ഊർജ സഹകരണം, വിദ്യാഭ്യാസം, സംസ്കാരം, തുടങ്ങി ഉഭയകക്ഷി വിഷയങ്ങൾ ഉച്ചകോടിയിൽ അവലോകനം ചെയ്യും.

പരസ്പര താൽപ്പര്യമുള്ള പ്രാദേശികവും ആഗോളവുമായ സംഭവവികാസങ്ങളെ സംബന്ധിച്ച കാഴ്ചപ്പാടുകളും അവർ പങ്കിടും. ബ്രിക്സ്, ഷാങ്ഹായ് കോ-ഓപ്പറേഷൻ ഓർഗനൈസേഷൻ, G- 20, കിഴക്കൻ ഏഷ്യ ഉച്ചകോടി, UN തുടങ്ങിയവയിലെ ഉഭയകക്ഷി ഇടപെടലുകളുടെ സ്ഥിതിയും ഇരു നേതാക്കളും വിലയിരുത്തും.

റഷ്യൻ പ്രസിഡന്റ് ഇന്ന് പ്രധാനമന്ത്രിക്ക് അത്താഴ വിരുന്ന് നൽകും. നാളെ,റഷ്യയിലെ ഇന്ത്യൻ സമൂഹവുമായി പ്രധാനമന്ത്രി ആശയവിനിമയം നടത്തും. ക്രെംലിനിലെ അജ്ഞാത സൈനികന്റെ ശവകുടീരത്തിൽ അദ്ദേഹം പുഷ്പചക്രം അർപ്പിക്കുകയും മോസ്കോയിലെ പ്രദർശന വേദിയിലെ റോസാറ്റം പവലിയൻ സന്ദർശിക്കുകയും ചെയ്യും. ഇതിനു ശേഷം ഇരു നേതാക്കളും തമ്മിൽ നിയന്ത്രിത തലത്തിൽ ചർച്ചകൾ നടക്കും. തുടർന്ന് പ്രതിനിധി തല ചർച്ചകളുമുണ്ടാകും.

പര്യടനത്തിന്റെ രണ്ടാം ഘട്ടത്തിൽ, ഓസ്ട്രിയൻ ചാൻസലറുടെ ക്ഷണപ്രകാരം പ്രധാനമന്ത്രി നാളെയും, മറ്റന്നാളും ഓസ്ട്രിയ സന്ദർശിക്കും. പ്രധാനമന്ത്രിയുടെ ആദ്യ ഓസ്ട്രിയ സന്ദർശനമാണിത്.

✪✪✪

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഒരു ദിവസത്തെ സന്ദർശനത്തിനായി ഇന്ന് മണിപ്പൂരിൽ എത്തും. സമീപകാല അക്രമങ്ങളിൽ ദുരിതമനുഭവിക്കുന്ന വിവിധ ക്യാമ്പുകളിൽ താമസിക്കുന്ന കുടുംബങ്ങളെ അദ്ദേഹം കാണും. മണിപ്പൂർ ഗവർണറുമായി കൂടിക്കാഴ്ച നടത്താനും രാഹുൽഗാന്ധിക്ക് പരിപാടിയുണ്ട്.

✪✪✪

നീറ്റ്-യുജിയുമായി ബന്ധപ്പെട്ട ഹർജികൾ സുപ്രീംകോടതി ഇന്ന് പരിഗണിക്കും. ചീഫ് ജസ്റ്റിസ് D.Y ചന്ദ്രചൂഡ്, ജസ്റ്റിസുമാരായ ജെ ബി പാർദീവാല, മനോജ് മിശ്ര എന്നിവരടങ്ങിയ ബെഞ്ചാണ് വാദം കേൾക്കുന്നത്.

നീറ്റ് പരീക്ഷ റദ്ദാക്കണമെന്നും, ഗ്രേസ് മാർക്ക് നൽകിയതിൽ അന്വേഷണം വേണമെന്നും ഉൾപ്പെടെ ആവശ്യങ്ങൾ ഉന്നയിച്ച് വിദ്യാർത്ഥികൾ അടക്കം നൽകിയ 26 ഹർജികളാണ് ഇന്ന് സുപ്രീംകോടതിക്ക് മുന്നിൽ എത്തുന്നത്. പുനഃപരീക്ഷ വേണ്ട, എന്ന് ആവശ്യപ്പെട്ട് ചിലർ കോടതിയെ സമീപിച്ചിട്ടുണ്ട്.

കൗൺസിലിംഗ് നടപടികൾ സ്റ്റേ ചെയ്യണമെന്ന ആവശ്യം ഹർജിക്കാരിൽ ചിലർ ഉന്നയിച്ചെങ്കിലും ഇതിന് അവധിക്കാല ബെഞ്ച് തയ്യാറായിരുന്നില്ല. കോടതി നൽകിയ നോട്ടീസിൽ കേന്ദ്രവും NTA യും പരീക്ഷ റദ്ദാക്കുന്നത് പ്രയോഗിക നടപടിയാകില്ലെന്ന് മറുപടി നൽകിയിരുന്നു. ചീഫ് ജസ്റ്റിസ് D.Y ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ഇന്ന് എടുക്കുന്ന തീരുമാനം നിർണ്ണായകമാകും.

✪✪✪

ബിരുദ പ്രവേശനത്തിന് പൊതു പരീക്ഷയായ സി.യു.ഇ.ടി- യു.ജി പരീക്ഷയുടെ ഉത്തരസൂചികകൾ ദേശീയ ടെസ്റ്റിംഗ് ഏജൻസി പുറത്തിറക്കി. ഉത്തരസൂചികയിൽ അസംതൃപ്തരായ വിദ്യാർത്ഥികൾക്ക് നാളെ വരെ പരാതിപ്പെടാം. പരീക്ഷാഫലം ഒരാഴ്ചക്കകം പ്രസിദ്ധീകരിച്ചേക്കും.

✪✪✪

ജാർഖണ്ഡിൽ ഹേമന്ത് സോറൻ ഗവൺമെന്റ് ഇന്ന് നിയമസഭയിൽ വിശ്വാസ വോട്ട് തേടും.

81 അംഗ ജാർഖണ്ഡ് നിയമസഭയിൽ അഞ്ച് സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഭരണപക്ഷത്തിന് നിയമസഭയിൽ 46 MLA മാരുടെ പിന്തുണയുണ്ട്.

✪✪✪

നിയമസഭയിൽ നടപ്പു സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളിൻമേൽ ചർച്ചയും വോട്ടെടുപ്പും ഇന്ന് നടക്കും. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരം 2024 ലെ കേരള നികുതി വസൂലാക്കൽ ഭേദഗതി ബില്ലും പരിഗണനയ്ക്ക് വരും. നിയമ സഭാ സമ്മേളനം വ്യാഴാഴ്ചയാണ് അവസാനിക്കുന്നത്.

✪✪✪

സാഹിത്യത്തിനും കലയ്ക്കും മനുഷ്യനെ ഒന്നിപ്പിക്കാൻ സാധിക്കുമെന്ന് ഗോവ ഗവർണർ P.S. ശ്രീധരൻ പിള്ള പറഞ്ഞു. വൈവിധ്യത്തിൽ നിന്നുള്ള ഏകതയാണ് നമ്മുടെ ശകതിയെന്നും അദ്ദേഹം പറഞ്ഞു.

കണ്ണൂർ പയ്യന്നൂരിൽ തുരീയം സംഗീതോത്സവത്തിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

സംസ്ഥാനത്ത് വായനാപക്ഷാചരണം സമാപിച്ചു. കേരളത്തിലെ എല്ലാ ലൈബ്രറികളിലെയും പുസ്തക ശേഖരങ്ങളെ ഡിജിറ്റൈസ് ചെയ്ത് സമാഹരിക്കുന്നതിന് കൂട്ടായ ശ്രമങ്ങൾ നടത്തണമെന്ന് മന്ത്രി ഡോ. ആർ. ബിന്ദു പറഞ്ഞു. സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ സംഘടിപ്പിച്ച

വായനപക്ഷാചരണത്തിന്റെ സംസ്ഥാനതല സമാപനം പെരുമ്പാവൂരിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

യുവതലമുറ വായിക്കുന്നില്ലെന്ന പ്രചാരണം തെറ്റാണ്. പുസ്തകോത്സവങ്ങളിലും ചർച്ചകളിലും മറ്റും യുവാക്കൾ ആവേശത്തോടെ പങ്കെടുക്കുന്നു. കാലത്തിനനുസരിച്ചു വായനാശീലങ്ങളിലേക്ക് പുതുതലമുറ പോകുന്നുണ്ടെങ്കിൽ അത്തരം സംവിധാനങ്ങൾ നമ്മുടെ ലൈബ്രറികളിൽ സൃഷ്ടിച്ചെടുക്കണമെന്നും മന്ത്രി പറഞ്ഞു.

✪✪✪

മനുഷ്യനെ പൂർണ്ണതയിലേക്ക് നയിക്കാൻ വായനയ്ക്ക് മാത്രമേ സാധിക്കൂ എന്ന് മന്ത്രി വി. അബ്ദുറഹിമാൻ അഭിപ്രായപ്പെട്ടു. വായനയെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് സംസ്ഥാന ഗവൺമെന്റ് എക്കാലത്തും പിന്തുടരുന്നതെന്നും മന്ത്രി പറഞ്ഞു.

വായനാപക്ഷാചരണ പരിപാടികളുടെ മലപ്പുറ ജില്ലാതല സമാപനം തിരൂർ തുഞ്ചൻ പറമ്പിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

സംസ്ഥാനത്തെ റേഷൻ കടകൾ ഇന്നും നാളെയും അടച്ചിടും. വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് വ്യാപാരികൾ കടയടപ്പ് സമരം പ്രഖ്യാപിച്ചതോടെയാണ് റേഷൻ വിതരണം മുടങ്ങുന്നത്.

വേതന പാക്കേജ് പരിഷ്കരിക്കുക, കിറ്റ് കമ്മീഷൻ വിതരണം ചെയ്യുക, ക്ഷേമ നിധി കാര്യക്ഷമാക്കുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് റേഷൻ വ്യാപാരികളുടെ സമരം. തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപത്തിൽ വ്യാപാരികൾ രാപ്പകൽ സമരം നടത്തുമെന്നും സമര സമിതി നേതാക്കൾ അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനത്തിന്റെ ആദ്യ സപ്ലിമെന്ററി അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. സംവരണ തത്വം അനുസരിച്ച് നിലവിൽ ഉണ്ടായിരുന്ന വേക്കൻസി ജില്ല ഒരു യൂണിറ്റായി പരിഗണിച്ച് വിവിധ കാറ്റഗറി സീറ്റുകളാക്കിയാണ് അലോട്ട്മെന്റിന് പരിഗണിച്ചിരിക്കുന്നത്.

57,712 അപേക്ഷകരിൽ, 30,245 പേർക്കാണ് അലോട്ട്മെന്റ് ലഭിച്ചത്. നാളെ വൈകിട്ട് നാല് മണിക്കകം പ്രവേശനം നേടണം.

✪✪✪

ഇന്ത്യ-സിംബാബ്‌വെ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ ഇന്ത്യയ്ക്ക് നൂറ് റൺസിന്റെ കൂറ്റൻ ജയം. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 20 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 234 റൺസെടുത്തു. മറുപടി

ബാറ്റിംഗിനിറങ്ങിയ സിംബാബ്‌വെയ്ക്ക് 18.4 ഓവറിൽ 134 റൺസെടുക്കാനേ കഴിഞ്ഞുള്ളൂ. ആദ്യമത്സരത്തിൽ സിംബാംബ്-വെയ്ക്കാ യിരുന്നു ജയം.

ഇതോടെ അഞ്ച് മൽസര പരമ്പരയിൽ ഇരു ടീമുകളും ഓരോ വിജയം നേടി ഒപ്പത്തിനൊപ്പമായി.

✪✪✪

ഇന്ത്യ-ദക്ഷിണാഫ്രിക്ക വനിതാ ട്വന്റി-20 ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മൽസരം മഴ മൂലം ഉപേക്ഷിച്ചു. ചെന്നൈയിൽ ബാറ്റിംഗിനിറങ്ങിയ ദക്ഷിണാഫ്രിക്ക 20 ഓവറിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 177 റൺസെടുത്തിരുന്നു. ഇന്നിംഗ്സ് ഇടവേളക്കിടെ മഴ കനത്തതിനാൽ മൽസരം ഉപേക്ഷിക്കുകയായിരുന്നു. ഇതോടെ മൂന്ന് മത്സരങ്ങളുടെ പരമ്പരയിൽ ദക്ഷിണാഫ്രിക്ക മുന്നിലെത്തി.

പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം നാളെ നടക്കും.

✪✪✪

പുരുഷന്മാരുടെ ലോങ്ജംപിൽ ജെസ്വിൻ ആൾഡ്രിനും വനിതകളുടെ 5,000 മീറ്റർ ഓട്ടത്തിൽ അങ്കിത ധ്യാനിക്കും ഒളിമ്പിക്സിന് യോഗ്യത നേടി. ലോക റാങ്കിങ് ക്വോട്ടയുടെ അടിസ്ഥാനത്തിലാണ് ഇരുവരും ഇന്ത്യയുടെ അത്‌ലറ്റിക്സ് ടീമിലെത്തിയത്.

ഇതോടെ ഇന്ത്യൻ അത്‌ലറ്റിക്സ് സംഘത്തിലെ താരങ്ങളുടെ എണ്ണം 30 ആയി. റാങ്കിങ്ങിലെ ആദ്യ 32 പേർക്കാണ് ലോങ്ജംപിൽ മത്സരിക്കാൻ അവസരം. പുതിയ റാങ്കിങ്ങിൽ ആൾഡ്രിൻ 31 ആണ്.

✪✪✪

പാരീസ് ഡയമണ്ട് ലീഗിലെ പുരുഷന്മാരുടെ 3000 മീറ്റർ സ്റ്റീപ്പിൾ ചേസിൽ ഇന്ത്യയുടെ അവിനാഷ് സാബ്ലെ ദേശീയ റെക്കോർഡ് സ്ഥാപിച്ചു. ആറാമതായി മൽസരം പൂർത്തിയാക്കിയ അവിനാഷ് സാബ്ലെ തന്റെ തന്നെ റോക്കാർഡാണ് സെക്കന്റുകളുടെ വ്യത്യാസത്തിൽ മെച്ചപ്പെടുത്തിയത്.

✪✪✪

കവിയും സാഹിത്യകാരനുമായ നടുവട്ടം രവീന്ദ്രൻ കുറ്റിപ്പുറത്ത് നിര്യാതനായി. അദ്ദേഹത്തിന് 87 വയസ്സായിരുന്നു.

നടുവട്ടം രവീന്ദ്രന്റെ നിരവധി ലളിതഗാനങ്ങൾ ആകാശവാണി പ്രക്ഷേപണം ചെയ്തിട്ടുണ്ട്. സംസ്കാരം ഉച്ചകഴിഞ്ഞ് മൂന്നിന് വീട്ടുവളപ്പിൽ നടക്കും.

✪✪✪

കൊച്ചിയിൽ ഗുഡ്സ് ട്രെയിനിനു മുകളിൽ കയറിയ പതിനേഴുകാരൻ റെയിൽവേ വൈദ്യുതിലൈനിൽ നിന്ന് ഷോക്കേറ്റ് മരിച്ചു. പോണേക്കര

കാടിപറമ്പത്ത് ആന്റണി ജോസാണ് മരിച്ചത്. സുഹൃത്തിന്റെ പിറന്നാളിന് കേക്ക് വാങ്ങാനായി ഇറങ്ങിയതായിരുന്നു ആന്റണിയും സുഹൃത്തുക്കളും.

ട്രെയിനിന്റെ അടിയിലൂടെ കൂട്ടുകാർ ആദ്യം ട്രാക്കിനു മറുവശത്തേക്കു കടന്നു. മറുഭാഗത്തേക്ക് ഇറങ്ങാൻ ആന്റണി ട്രെയിനിന്റെ വശത്തെ കോണിയിലൂടെ കയറിയതോടെ ഷോക്കേറ്റ് തെറിച്ചു വീഴുകയായിരുന്നെന്നു പൊലീസ് പറഞ്ഞു. തൃക്കാക്കര KMM കോളജിൽ BCA ഒന്നാംവർഷ വിദ്യാർഥിയാണ്.

✪✪✪

മലപ്പുറം എടക്കരയിൽ ഭിന്നശേഷിക്കാരനായ യുവാവിന് ദാരുണമായി മർദ്ദനമേറ്റ സംഭവത്തിൽ പൊലീസ് കേസെടുത്തതായി മന്ത്രി ഡോ. ആർ ബിന്ദു പറഞ്ഞു. സംഭവത്തെക്കുറിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകാൻ മലപ്പുറം ജില്ലാ സാമൂഹ്യനീതി ഓഫീസറോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

ഇലക്ടിക് സ്കൂട്ടർ ചാർജ് കഴിഞ്ഞ് സഹായം തേടി എത്തിയ ഭിന്നശേഷിക്കാരനായ ജിതിന് ഒന്നിലേറെ തവണ മർദ്ദനമേറ്റെന്നാണ് പ്രഥമ വിവര റിപ്പോർട്ട്.

✪✪✪

കോഴിക്കോട് തിരുവമ്പാടിയിൽ KSEB ഓഫീസിൽ അതിക്രമം നടത്തിയ സംഭവത്തെ തുടർന്ന് വിച്ഛേദിച്ച യുവാവിന്റെ വീട്ടിലെ വൈദ്യുതി കണക്ഷൻ അധികൃതർ രാത്രി പുനഃസ്ഥാപിച്ചു. കണക്ഷൻ പുനഃസ്ഥാപിക്കണമെന്ന ജില്ലാ കലക്ടറുടെ നിർദ്ദേശത്തെ തുടർന്നാണ് നടപടി. റവന്യൂ ഉദ്യോഗസ്ഥർ സ്ഥലത്തെത്തി ചർച്ച നടത്തിയിരുന്നു.

അതിനിടെ, യുവാവും KSEB ജീവനക്കാരും തമ്മിലുണ്ടായ തർക്കത്തിൽ രണ്ട് KSEB ജീവനക്കാർക്കെതിരെ പോലീസ് കേസെടുത്തു. വീട്ടുടമയുടെ ഭാര്യ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് കേസെടുത്തത്.

✪✪✪

കുവൈറ്റിലെ തൊഴിലാളികളുടെ താമസ കേന്ദ്രത്തിലുണ്ടായ തീപ്പിടുത്തത്തിൽ മരിച്ച തൃശ്ശൂർ, ആലപ്പുഴ സ്വദേശികളായ രണ്ടു പേരുടെ കുടുംബങ്ങൾക്കു ധനസഹായം മന്ത്രിമാർ വീടുകളിലെത്തി കൈമാറി.

തൃശ്ശൂരിൽ ബിനോയ് തോമസിന്റെ കുടുംബത്തിന് മന്ത്രി കെ. രാജൻ, മന്ത്രി ഡോ.ആർ. ബിന്ദു എന്നിവരും ആലപ്പുഴയിൽ മാത്യു തോമസിന്റെ ആശ്രിതർക്ക് മന്ത്രി സജി ചെറിയാനും ആണ് ധനസഹായം കൈമാറിയത്.

✪✪✪

ന്യുന മർദ്ദ പാത്തിയും ചക്രവാതചുഴിയും വീണ്ടും രൂപപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്ത്   മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. 4 ദിവസം വടക്കൻ കേരളത്തിൽ ശക്തമായ മഴക്കും മറ്റിടങ്ങളിൽ ഇടത്തരം മഴക്കുമാണ് സാധ്യത. വടക്കൻ കേരള തീരം മുതൽ തെക്കൻ ഗുജറാത്ത് തീരംവരെ  ന്യൂന മർദ്ദ പാത്തിയും ആന്ധ്രാ തീരത്തിനു സമീപം ബംഗാൾ ഉൾകടലിനു മുകളിലായി രൂപപ്പെട്ട ചക്രവാത ചുഴിയുമാണ് മഴയ്ക്ക് കാരണം. ഇടി മിന്നലോടു കൂടിയ മഴക്കാണ് സാധ്യത.

കനത്ത മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദേശം നൽകി.

നാളെ രാത്രി പതിനൊന്നര വരെ കേരള തീരങ്ങളിൽ രണ്ടു മുതൽ 2.3 മീറ്റർ വരെയും ലക്ഷദ്വീപ് തീരങ്ങളിൽ 2.8 മുതൽ മൂന്ന് മീറ്റർ വരെയും ഉയർന്ന തിരമാലയ്ക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു. കർണാടക - തമിഴ്നാട് തീരങ്ങളിലും ഉയർന്ന തിരമാല മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

✪✪✪